*'CORRUPTION, A CRIME AGAINST NATION'*


വിജിലൻസ് ആൻ്റ് ആൻ്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം-695 033,
ഇമെയിൽ: vig.vacb@kerala.gov.in
ഫോൺ: 0471- 2305393

തീയതി: 21.03.2023

# അനധികൃത സ്വത്ത് സമ്പാദന കേസ്: പ്രതിയുമായി സാമ്പത്തിക ഇടപാട് നടത്തിയ വിജിലൻസ് ഡി.വൈ.എസ്.പി ക്ക് എതിരെ കേസ് രജിസ്റ്റർ ചെയ്തു.

അനധികൃത സ്വത്ത് സമ്പാദന കേസിലെ പ്രതിയായ ഉദ്യോഗസ്ഥനുമായി പണമിടപാട് നടത്തിയതായി തെളിവ് ലഭിച്ചതിനെ തുടർന്നാണ് വിജിലൻസ് ഡി.വൈ.എസ്.പി ക്ക് ക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് വിശദ അന്വേഷണത്തിന് വിജിലൻസ് ഡയറക്ടർ ശ്രീ.മനോജ് എബ്രഹാം IPS ഉത്തരവിട്ടത്. അനധികൃത സ്വത്ത് സമ്പാദന കേസിലെ പ്രതിയായ സർക്കാർ ഉദ്യോഗസ്ഥനെ ദിവസങ്ങൾക്ക് മുമ്പ് 25,000/- രൂപ കൈക്കൂലി വാങ്ങുന്നതിനിടെ വിജിലൻസ് കയ്യോടെ പിടികൂടി ജയിലിൽ അടച്ചിരുന്നു. പ്രസ്തുത കേസിലെ പ്രതിയുമായി തിരുവനന്തപുരം വിജിലൻസ് സ്പെഷ്യൽ സെൽ ഡി.വൈ.എസ്.പി ആയ പി. വേലായുധൻ നായർ സാമ്പത്തിക ഇടപാട് നടത്തിയതായി തെളിവ് ലഭിച്ചതിൻറെ അടിസ്ഥാനത്തിലാണ് ഡി.വൈ.എസ്.പി പ്രതിയായി തിരുവനന്തപുരം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യുണിറ്റ്-II കേസ് രജിസ്റ്റർ ചെയ്തത് അന്വേഷണം നടത്തുന്നത്.

കൈക്കൂലി കേസിൽ പിടിയിലായ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥന് എതിരെ തിരുവനന്തപുരം വിജിലൻസ് സ്പെഷ്യൽ സെല്ലിൽ മുമ്പ് നിലവിൽ ഉണ്ടായിരുന്ന അനധികൃത സ്വത്ത് സമ്പാദന കേസിൻറെ അന്വേഷണം നടത്തിയത്

ഡി.വൈ.എസ്.പി ആയ പി.വേലായുധൻ നായർ ആയിരുന്നു. ഈ വസ്തുത മനസ്സിലാക്കിയാണ് ഇവർ തമ്മിലുള്ള സാമ്പത്തിക ഇടപാട് ഗൗരവതരമെന്ന് കണ്ട് ശക്തമായ നടപടി സ്വീകരിക്കുന്നതിന് വിജിലൻസ് ഡയറക്ടർ ശ്രീ.മനോജ് എബ്രഹാം IPS തീരുമാനിച്ചത്.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം, ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.